പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇടാത്ത നിയമസഭാചോദ്യം 8/2/2013-ൽ മറുപടിക്ക്
നമ്പർ 1123

## നൂറനാട് സി.ബി.എം. സ്കൂളിലെ അദ്ധ്യാപക നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| എ) നൂറനാട് സി.ബി.എം ഹൈസ്കൂളിൽ നിലവിൽ ജോലി ചെയ്തു വരുന്ന എത്ര അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ച് ശമ്പളം ലഭിക്കുവാനുണ്ട് എന്ന് വിശദമാക്കുമോ; | നൂറനാട് സി.ബി.എം ഹൈസ്കൂളിൽ നിലവിൽ ജോലിചെയ്തുവരുന്ന ശ്രീമതി. റ്റി. ആർ. രശ്മി, യു.പി.എസ്സ്.എ, ശ്രീമതി. അനിതാകുമാരി. എസ്, യു.പി.എസ്സ്.എ, ശ്രീമതി. ധന്യ. ആർ, , യു.പി.എസ്സ്.എ എന്നീ മൂന്ന് അധ്യാപികമാരുടെ നിയമനങ്ങൾ അംഗീകരിച്ച് ശമ്പളം ലഭിക്കുവാനുണ്ട്.<br><br>12.1.2010 ലെ സർക്കാർ ഉത്തരവ് ജി.ഒ.പി 10/10/പൊ.വി. പ്രകാരമുള്ള വ്യവസ്ഥകൾ സ്കൂൾ മാനേജർ പാലിക്കാത്തതിനാലും കുട്ടികളുടെ കുറവുമൂലം ഡിവിഷനും തസ്തികയും നഷ്ടപ്പെട്ടതിനാലുമാണ് നിയമനങ്ങൾ അംഗീകരിയ്ക്കാതിരുന്നത്. |
| ബി) ശമ്പളം ലഭിക്കാത്തതുമൂലം പ്രസ്തുത അദ്ധ്യാപകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടു പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>സി) ഈ സ്കൂളിലെ നിയമനവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള എ3/47493/12, എച്ച് 2/59452/12 എന്നീ നമ്പരികളിലുള്ള ഫയലിൻമേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>ഡി) ഇവരുടെ നിയമനം അംഗീകരിച്ച് ശമ്പളം ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | ബിയും സിയും ഡിയും) നൂറനാട് സി.ബി.എം.എച്ച്.എസ്സിലെ എച്ച്.എസ്.എ ശ്രീമതി. എസ്. ശൈലജയുടെ റിവിഷൻ പെറ്റീഷന്റെ (ഫയൽ നം. 47493/എ3/12/പൊതു.വി.) അസൽ 1/9/2012 ലും, ശ്രീമതി. ആർ. ധന്യ, യു.പി.എസ്.എയുടെ റിവിഷൻ പെറ്റീഷന്റെ (ഫയൽ നം. 59452/H2/12/GEdn) അസൽ 9/11/2012 ലും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ചട്ടങ്ങൾ പ്രകാരം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ